# പതിമൂന്നാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 3192 23.03.2015-ൽ മറുപടിക്ക്

### കെ.എൽ.ജി.എസ്.ഡി.പി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡലിവറി പ്രോജക്ട് പ്രകാരം ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്; | (എ) കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡലിവറി പ്രോജക്ട് പ്രകാരം 2014-15-ൽ സംസ്ഥാനത്തെ 848 ഗ്രാമപഞ്ചായത്തുകൾ ധന സഹായത്തിന് അർഹത നേടിയിട്ടുണ്ട്. ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഗ്രാമപഞ്ചായത്തുകളുടെ പേര് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഓരോ പഞ്ചായത്തിനും എത്ര വീതം തുകയാണ് നൽകിയിട്ടുള്ളത്; തുക ഏതെല്ലാം സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് അനുവദിച്ചിട്ടുള്ളത്; | (ബി) ഗ്രാമപഞ്ചായത്തുകൾക്കുള്ള 2014-15-ലെ പെർഫോമൻസ് ഗ്രാന്റിലെ ലോകബാങ്ക് വിഹിതം 206.22 കോടി രൂപയാണ്. ടി തുക ഉടനെ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്. ഓരോ പഞ്ചായത്തിനുമുള്ള വിഹിതം സംസ്ഥാന ധനകാര്യ കമ്മീഷനാണ് തീരുമാനിക്കേണ്ടത്. ടി പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു. പഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണത്തിലെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായാണ് പ്രസ്തുത ഫണ്ട് അനുവദിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളാണ് ധനസഹായം അനുവദിക്കുന്നതിനായി പരിഗണിച്ചിട്ടുള്ളത്? | (സി) | കോഴിക്കോട് ജില്ലയിൽ 2014-15-ൽ ധനസഹായത്തിന് അർഹത നേടിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ പേരുകൾ അനുബന്ധത്തിൽ ക്രമനമ്പർ 407 മുതൽ 471 വരെ ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**